# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P12/1658/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/02/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P12/1658/2022 തീയ്യതി: 23/02/2023

# ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 15-12-2022 | 21-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-12-2022 | 21-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജ്യോതിമോൻ.സി.സി, ഓഡിറ്റ് ഓഫീസർ
ശ്രീ. പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എ.പി.ഷിബു,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ലേഖ.പി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സിനിമോൾ സാംസൺ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.ഷാജി.എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.കറോസ്മി ജോർജ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സ്മിത അഗസ്റ്റിൻ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലിനി.ജെ.എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.നസിയ.കെ.സലിം | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.മേഴ്സി ജോസ് | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷീല.എസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ദീപ്തി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.അഭിലാഷ് | വി.ഇ.ഒ (തൈക്കൽ) | 01-04-2021 | 31-03-2022 |
| ശ്രീമതി.വിലാസിനി | വി.ഇ.ഒ (അർത്തുങ്കൽ) | 01-04-2021 | 31-03-2022 |
| ശ്രീമതി.ഇന്ദുലേഖ | വി.ഇ.ഒ (അരീപ്പറമ്പ്) | 01-04-2021 | 31-03-2022 |
| ശ്രീമതി.വി.ജ്യോതിരശ്മി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.സ്വപ്ന.എസ്.പിള്ള | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷീന.എസ് | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റിന്റെ അവലോകനം | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു | 1-10 |
| 13 | ആവശ്യമായ വർദ്ധനവില്ലാതെ നികുതി നിർണ്ണയിച്ചിരിക്കുന്നു | 1-11 |
| 14 | കുത്തകപ്പാട്ടം വരവ് അന്യാധീനമാവുന്നു | 1-12 |
| 15 | ക്ഷേമ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല | 1-13 |
| 16 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-14 |
| 17 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ കസേര പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-15 |
| 18 | പഞ്ചായത്തിന്റെ കണക്കിൽ ഉൾക്കൊള്ളിക്കാതെ ചെലവ് നടത്തി | 1-16 |
| 19 | പ്രോജക്ട് രൂപീകരിക്കാതെ ചെലവ് നടത്തി | 1-17 |
| 20 | ഐ.കെ.എം-നുള്ള വിഹിതം-വിനിയോഗ രേഖകൾ ലഭ്യമല്ല | 1-18 |
| 21 | യഥാസമയം എഗ്രിമെന്റിൽ ഏർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല | 1-19 |
| 22 | വെള്ളക്കരം യഥാസമയം തുക ഒടുക്കാത്തതു മൂലമുള്ള ഫൈൻ വർദ്ധിക്കുന്നു | 1-20 |
| 23 | ഭരണഘടനയുടെ ആർട്ടിക്കിൾ 243G പ്രകാരം ഒഴിവാക്കപ്പെട്ടയിനത്തിനും ജി.എസ്.ടി നൽകി | 1-21 |
| 24 | നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ വെച്ചില്ല-സംസ്ഥാന സർക്കാരിന് നഷ്ടം | 1-22 |
| 25 | ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല | 1-23 |
| 26 | കാലിവീപ്പയുടെ ജി.എസ്.ടി സംബന്ധിച്ച് | 1-24 |
| 27 | ആദായ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 1-25 |

| | | |
|---|---|---|
| 28 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ഡിസ് പ്ലേ ബോർഡ് -മിഷൻ ഡയറക്ടറുടെ നിർദ്ദേശം നടപ്പിലാക്കുന്നില്ല | 1-26 |
| 29 | കന്നുകുട്ടി പരിപാലനം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-27 |
| 30 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-28 |
| 31 | ഉണർവ്വ് 2022 -സി.ഡി./ഫോട്ടോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല -5,500/- രൂപ തടസ്സപ്പെടുത്തുന്നു. | 1-29 |
| 32 | ലൈഫ് ഭവനപദ്ധതി | 1-30 |
| 33 | നെൽ വിത്ത് വിതരണം-അപാകതകൾ സംബന്ധിച്ച് | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഭരണഘടനയുടെ ആർട്ടിക്കിൾ 243G പ്രകാരം ഒഴിവാക്കപ്പെട്ടയിനത്തിനും ജി.എസ്.ടി നൽകി | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 17.2.2021 തീയതിയിലെ ഒന്നിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 22.3.2022ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 35,39,87,100 | 35,75,81,000 |
| വാർഷിക കണക്ക് പ്രകാരം | 30,79,48,910 | 31,03,41,149 |

### 1-1-1 ബജറ്റിന്റെ അവലോകനം

2021-22 വർഷത്തെ ബജറ്റ് 17.2.2021 തീയതിയിലെ ഒന്നിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 22.3.2022ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല.

2.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2021-22 ലെ ബജറ്റ് 2021 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തുന്നതിനും അതത് വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം ബഡ്ജറ്റ് പരിശോധന നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 31.07.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. എസ്.സി.ബി 1344 ചേർത്തല സൌത്ത് കോ-ഓപ്പറേറ്റീവ് ബാങ്ക്- തനത് ഫണ്ട്, എസ്.ബി.ഐ ചേർത്തല (67287818657) എന്നീ അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് ക്ലിയേഡ് എന്നതിനു കീഴെ നല്കിയിരിക്കുന്ന താഴെപ്പറയുന്ന ചെക്കുകൾ കാലാവധി കഴിഞ്ഞതാണെന്ന് കാണുന്നു.

| ക്രമ നം. | ചെക്ക് നം. തീയതി | തുക |
|---|---|---|
| എസ്.ബി.ഐ ചേർത്തല (67287818657) | | |
| 1 | 311892/ 16.03.2021 | 13184 |
| 2 | 128297/17.03.2021 | 5982 |
| എസ്.സി.ബി 1344 ചേർത്തല സൌത്ത് കോ-ഓപ്പറേറ്റീവ് ബാങ്ക് | | |
| 1 | 29560/31.03.2021 | 18787 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ രസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കിന്റെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2. എസ്.ബി.ഐ ചേർത്തല (67287818657) അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് ക്ലിയേഡ് എന്നതിനു കീഴെ വൌച്ചർ നമ്പറും തീയതിയും മാത്രം രേഖപ്പെടുത്തി ധാരാളം തുകകൾ നല്കിയിട്ടുണ്ട്. ഇപ്രകാരം നല്കിയിട്ടുള്ള മിക്കവാറും തുകകളുടെ വൌച്ചർ തീയതികളെല്ലാം തന്നെ 2021 ഡിസംബർ മാസമോ അതിനു മുൻപോ ഉള്ളവയാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മേൽ പ്രകാരമുള്ള തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

3. തൻവർഷം ലൈഫ് ലോൺ ഉൾപ്പെടെ വികസന ഫണ്ട് റ്റി.എസ്.പി ഇനത്തിലെ ആകെ ചെലവ് 4,33,000/-രൂപയാണ്. എന്നാൽ ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം ഈയിനത്തിൽ ചെലവിനായുള്ള വരവ് രേഖപ്പെടുത്തിയിരിക്കുന്നത് 4,17,657/-രൂപ മാത്രമാണ്. സോഴ്സ് ഡിഡക്ഷനിലൂടെ ഈടാക്കിയ

15,343/-രൂപ ഉൾപ്പെടുത്തിയില്ല.

4. മെയിന്റനൻസ് ഗ്രാന്റ്-റോഡ് ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം 74,11,708/-രൂപ ചെലവുള്ളതായി കാണുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രിക രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-7, ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-7, സുലേഖയിൽ നിന്നുള്ള എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 65,44,700/-രൂപയാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്.

5. മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം 84,00,299/-രൂപ ചെലവുള്ളതായി കാണുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രിക രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-7സുലേഖയിൽ നിന്നുള്ള എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 71,44,846/-രൂപയാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്.

6. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ (ടൈഡ് പെർഫോമൻസ് ഗ്രാന്റ്) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം 68,64,770/-രൂപ ചെലവുള്ളതായി കാണുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രിക ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം ഈയിനത്തിൽ ചെലവിനായി പിൻവലിച്ച തുക 66,22,785/- രൂപയാണ്.

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ (അൺടൈഡ് ബേസിക് ഗ്രാന്റ്) വാർഷിക ധനകാര്യ പത്രിക ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം ഈയിനത്തിൽ ചെലവിനായി പിൻവലിച്ച തുക 21,34,363/- രൂപയാണ്. എന്നാൽ യഥാർത്ഥ ചെലവ് 22,26,813/-രൂപയാണ്. തൻവർഷം ചെലവഴിച്ച 92,450/-രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടു വരാത്തതാണ് ഈ വ്യത്യാസത്തിനു കാരണം. തന്മൂലം ഈയിനത്തിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയ നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഈ രണ്ട് ഫണ്ടുകളുടെയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ആകെ ചെലവ് തുക 87,57,148/-രൂപയാണ് (6622785+2134363). എന്നാൽ സുലേഖയിൽ നിന്നുള്ള എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 87,76,133/-രൂപയാണ്. ഈ വ്യത്യസത്തിനു കാരണം തൻവർഷം എക്സ്പന്റീച്ചർ ആയ 92,450/-രൂപ സുലേഖയിൽ ഉൾപ്പെടാതെ വരികയും, തൻവർഷം എക്സ്പന്റീച്ചർ ആവാതിരുന്ന 1,11,435/-രൂപ സുലേഖയിൽ ചെലവായി ബുക്ക് ചെയ്യപ്പെടുകയും ചെയ്തത് മൂലമാണ്.

7. 31.03.2021-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം Secured Loan ഇനത്തിൽ തിരിച്ചടയ്ക്കാനുണ്ടായിരുന്ന ബാധ്യത 5,88,29,334/-രൂപയായിരുന്നു. തൻവർഷം വായ്പായിനത്തിൽ 17,80,000/-രൂപ വരവുണ്ട്. തൻവർഷം വികസന ഫണ്ടിൽ നിന്നും ആകെ 50,89,334/-രൂപ ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവിനത്തിൽ സോഴ്സിൽ കുറവ് ചെയ്തിട്ടുണ്ട്. ആയതിനു ശേഷം തിരികെ ഒടുക്കാനുള്ള ബാധ്യത 5,55,20,000/-രൂപയാണ്. എന്നാൽ 31.03.2022-ലെ ബാലൻസ് ഷീറ്റ് പ്രകാരം ഈയിനത്തിൽ 5,55,35,343/-രൂപയുടെ ബാധ്യത രേഖപ്പെടുത്തിയിരിക്കുന്നു.

8. തൻവർഷം തൊഴിലില്ലായ്മ വേതനം, വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം എന്നീയിനങ്ങളിൽ താഴെപ്പറയും പ്രകാരമുള്ള തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

| ഇനം | ബിൽ നം./തീയതി | തുക |
|---|---|---|
| തൊഴിലില്ലായ്മ വേതനം | 21/18.08.2021 | 1,68,720 |
| | 54/26.03.2022 | 25,200 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 53/25.03.2022 | 3,00,000 |

എന്നാൽ ഈ തുകകൾ തൻവർഷത്തെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു വന്നിട്ടില്ല.

9. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക ധനകാര്യ പത്രികയിലെ തുകകളും തമ്മിൽ താഴെപ്പറയുന്ന പൊരുത്തക്കേടുകളുള്ളതായി കാണുന്നു.

| ഇനം | രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| Auction Deposit | | |
| രസീപ്റ്റ് | 78626 | 166076 |
| Other Deposit | | |
| രസീപ്റ്റ് | 31600 | 36770 |
| ബാലൻസ് | 0 | 5170 |
| Election Deposit | | |
| രസീപ്റ്റ് | 45000 | 0 |
| പേയ്മെന്റ് | 11000 | 7000 |
| Bidders EMD | | |
| പേയ്മെന്റ് | 3300 | 0 |

Contractors Retention ഇനത്തിലുള്ള തുകയുടെ അബ്സ്ട്രാക്ട് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

10. ട്രേഡേഴ്സിന്റെ തൊഴിൽ നികുതിയുടെ അബ്സ്ട്രാക്ട് തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

11. പെർമിറ്റ് സംബന്ധിച്ച രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

12. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

13. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

14. എസ്.ബി.ഐ സാക്ഷരത അക്കൌണ്ടിന്റെ പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഈയിനത്തിലുള്ള ഫണ്ടിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനായില്ല.

15. സാമൂഹ്യ സുരക്ഷ പെൻഷനുമായി ബന്ധപ്പെട്ട സേവന സോഫ്റ്റ് വെയറിൽ നിന്നുള്ള തുകകളും വാർഷിക ധനകാര്യ പത്രികയിലെ തുകകളും തമ്മിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം. | ഇനം | സേവനയിൽ നിന്നുള്ള പത്രിക പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| 1 | Agricultural Labour Pension | 97,78,800 | 81,63,600 |
| 2 | Old Age Pension | 3,96,26,100 | 3,28,03,700 |
| 3 | Disability Pension | 99,80,600 | 82,91,800 |
| 4 | Pension For Unmarried Women Above 50 | 35,93,200 | 29,79,600 |
| 5 | Widow Pension | 1,83,43,200 | 1,52,12,000 |

16. പ്രൊഫഷൻ ടാക്സ് ഡി.സി.ബി രജിസ്റ്റർ പ്രകാരം എംപ്ലോയീസിന്റെ തൊഴിൽ നികുതി ഇനത്തിലുള്ള വരവ് 15,05,870/- രൂപയെന്ന് കാണുന്നു. എന്നാൽ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-1 പ്രകാരം ഈയിനത്തിലുള്ള വരവായി രേഖപ്പെടുത്തിയിരിക്കുന്നത് 14,67,530/-രൂപയാണ്.

17. വാർഷിക കണക്ക് പ്രകാരം Integrated Child Development Scheme ഇനത്തിൽ തൻവർഷം ആകെ-34,47,438/-രൂപ തൻവർഷം ചെലവുള്ളതായി കാണുന്നു. എന്നാൽ സുലേഖയിൽ നിന്നുള്ള എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഈയിനത്തിൽ 36,27,784/-രൂപ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. തൻവർഷം ചെലവഴിക്കാത്ത 1,80,346/-രൂപയും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടു വന്നതാണ് ഈ വ്യത്യാസത്തിനു കാരണം.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,42,50,771 |
| വരവ് | 14,19,40,042 |
| ആകെ | 18,61,90,813 |
| ചെലവ് | 13,60,61,016 |
| നീക്കിയിരിപ്പ് | 5,01,29,797 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | 50,193 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,49,363 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് എ.സി.ആർ പ്രകാരം | നീക്കിബാക്കി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 2,51,41,141 | 2,51,41,141 | 69,80,509 | 2,51,38,041 | 3,100 (ലാപ്സായി) |
| വികസന ഫണ്ട്-എസ്.സി.പി | 0 | 47,52,118 | 47,52,118 | 1,52,082 | 42,51,918 | 5,00,200 (ലാപ്സായി) |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 4,70,257 | 4,70,257 | 15,343 | 4,17,657 | 52,600 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് - ബാങ്ക് | 0 | 89,72,000 | 89,72,000 | 0 | 32,82,307 | 56,89,693 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് - ട്രഷറി | 0 | 66,96,000 | 66,96,000 | 0 | 33,40,478 | 33,55,522 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് -ബാങ്ക് | 0 | 61,10,849 (129849-പലിശ ഉൾപ്പെടെ) | 61,10,849 | 0 | 21,34,363 | 39,76,486 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് -ട്രഷറി | 0 | 26,80,607 | 26,80,607 | 0 | 12,96,523 | 13,84,084 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 93,14,001 | 93,14,001 | 0 | 65,44,700 | 27,69,301 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 1,06,31,665 | 1,06,31,665 | 0 | 71,44,846 | 34,86,819 (ലാപ്സായി) |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും വാർഷിക ധനകാര്യ പത്രികയും തമ്മിൽ താഴെപ്പറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. വികസന ഫണ്ട് (ജനറൽ, എസ്.സി.പി, റ്റി.എസ്.പി) എന്നിവയിൽ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ബാലൻസ് വ്യത്യാസപ്പെട്ടിരിക്കുന്നു. ചില ഗ്രാന്റുകളുടെ വരവ് ചെലവിനങ്ങളിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയ തുകകൾ തെറ്റാണ്. ആയത് വാർഷിക ധനകാര്യ പത്രികയുടെ അപാകതകളിൽ സൂചിപ്പിച്ചിട്ടുണ്ട്.

1. വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 2,51,41,141 | 3,21,21,650 |
| ചെലവ് | 3,21,18,550 | 3,21,18,550 |
| നീക്കിയിരിപ്പ് | (-)69,77,409 | 3,100 |

2. വികസന ഫണ്ട് (എസ്.സി.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 47,52,118 | 49,04,200 |
| ചെലവ് | 44,04,000 | 44,04,000 |
| നീക്കിയിരിപ്പ് | 3,48,118 | 5,00,200 |

3. വികസന ഫണ്ട് (റ്റി.എസ്.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 4,70,257 | 4,85,600 |
| ചെലവ് | 4,33,000 | 4,33,000 |
| നീക്കിയിരിപ്പ് | 37,257 | 52,600 |

4. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|

| | | |
|---|---|---|
| വരവ് | 1,56,68,000 | 1,56,68,000 |
| ചെലവ് | 66,41,770 | 66,22,785 |
| നീക്കിയിരിപ്പ് | 90,26,230 | 90,45,215 |

5. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 86,61,607 | 87,91,456 |
| ചെലവ് | 21,34,363 | 21,34,363 |
| നീക്കിയിരിപ്പ് | 65,27,244 | 66,57,093 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.
(സുലേഖ പദ്ധതി ചെലവ് പത്രികയിൽ നിന്നുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 193 | 20,22,35,760 | 145 | 2,66,88,685 | 0 | 48 | 75.13% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 22,020 | 12,25,391 | 12,47,411 | 12,47,196 | 215 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 10,60,68,698 | 10,60,68,698 | 10,60,68,698 | |
| ആകെ | 22,020 | 10,72,94,089 | 10,73,16,109 | 10,73,15,894 | 215 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു. വാർഷിക കണക്കിൽ നൽകിയിട്ടുള്ള തുകകളും സേവന പെൻഷൻ സ്റ്റേറ്റ്മെന്റിൽ നിന്നുള്ള വിവരങ്ങളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,93,920 | 175 |
| കർഷക തൊഴിലാളി പെൻഷൻ | 81,63,600 | 506 |
| വിധവ പെൻഷൻ | 1,52,12,000 | 1030 |
| വാർദ്ധക്യകാല പെൻഷൻ | 3,28,03,700 | 2743 |
| വികലാംഗ പെൻഷൻ | 82,91,800 | 539 |
| അവിവാഹിത പെൻഷൻ | 29,79,600 | 194 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 3,00,000 | 10 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2022 തീയതിയിൽ 3.00PM സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,190/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. പഞ്ചായത്ത് കമ്മറ്റി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. കുത്തകപാട്ടം രജിസ്റ്റർ കൃത്യമായി എഴുതി കാലികമാക്കിയിട്ടില്ല.
3. കുത്തകപ്പാട്ടം കുടിശികയുള്ളവരെ കണ്ടെത്തുന്നതിനും തുക ഈടാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുത്തെങ്കിലും നടപ്പാക്കപ്പെട്ടില്ല.
4. വിവിധയിനങ്ങളിൽ കിട്ടുന്ന ചെക്കുകളെല്ലാം ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നോ ആയത് യഥാസമയം കളക്ട് ചെയ്യപ്പെടുന്നുണ്ടെന്നോ ഉറപ്പാക്കപ്പെടുന്നില്ല.
5. സാമ്പത്തിക വർഷാവസാനം തയ്യാറാക്കപ്പെടുന്ന പേയ്മെന്റ് ബില്ലുകൾ മാർച്ച് 31നകം ചെലവഴിക്കപ്പെടാത്തവ യഥാസമയം റദ്ദ് ചെയ്യാത്തതിനാൽ സുലേഖ ചെലവ് പത്രികയും അപ്രോപ്രിയേഷൻ കണ്ട്രോൾ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടാതെ വരുന്നു.
6. മുൻവർഷ പദ്ധതി സ്പിൽ ഓവറാക്കി അംഗീകാരം വാങ്ങാതെ ചെലവ് നടത്തുന്നു.
7. വെള്ളക്കരം കുടിശികയും ഉപയോഗശൂന്യമായ പൊതുടാപ്പുകൾ യഥാസമയം കട്ട് ചെയ്യാത്തതും വെള്ളക്കരമിനത്തിലെ ബാധ്യത വർദ്ധിപ്പിക്കുന്നു.
ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു

1) ശ്രീ.രാജു മാർഷൽ എന്ന വ്യക്തിയുടെ പേരിലുള്ളതും ആകെ 158 ചതുരശ്രമീറ്റർ തറ വിസ്തീർണ്ണമുള്ളതുമായ കെട്ടിടത്തിന് 19/458 A മുതൽ G വരെയുള്ള നമ്പരുകൾ നൽകി വസ്തുനികുതി കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തെ 100 ചതുരശ്രമീറ്റർ വരെയുള്ള തറവിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൌൺ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടഭാഗങ്ങളെ 100 ചതുരശ്രമീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൌൺ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തി വേണമായിരുന്നു നികുതി നിശ്ചയിക്കേണ്ടിയിരുന്നത്. വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതിലൂടെ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

2) പത്മാക്ഷി ആറാട്ടുവെളി മുതലായവരുടെ പേരിലുള്ളതും ആകെ 46.9 ചതുരശ്രമീറ്റർ തറ വിസ്തീർണ്ണമുള്ളതുമായ 9/254 C,D എന്നീ കെട്ടിടങ്ങൾക്ക് 200 M2 മുകളിലുള്ള ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിൽപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ടി കെട്ടിടത്തെ 100 ചതുരശ്രമീറ്റർ വരെയുള്ള തറവിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൌൺ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിക്കേണ്ടിയിരുന്നത്.
ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (14/20.12.22) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഉപയോഗക്രമം ശരിയായി രേഖപ്പെടുത്തി നികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11 ആവശ്യമായ വർദ്ധനവില്ലാതെ നികുതി നിർണ്ണയിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 1 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായ ഇളവുകളും വർദ്ധനവുകളും നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. പഞ്ചായത്തിന്റെ നികുതി നിർണ്ണയ ഫയലുകളിലെ സൈറ്റ് പ്ലാനിലെ വിവരങ്ങളിൽ നിന്നും വ്യത്യസ്ഥമായി നികുതി നിർണ്ണയിച്ചിരിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു. ഇവയിൽ കംപ്ലീഷൻ പ്ലാനിൽ റോഡിന്റെ വീതി 5മീറ്ററിൽ കൂടുതൽ കാണിച്ചിട്ടുണ്ടെങ്കിലും വഴിസൌകര്യത്തിനുള്ള 20% വർദ്ധനവ് ഇല്ലാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

| ക്രമ നം. | പേര് / | കെട്ടിട നമ്പർ |
|---|---|---|
| 1 | പത്മാക്ഷി ആറാട്ടുവെളി | 9/254C-23.45M2<br>9/254D-23.45M2 |
| 2 | അനീഷ് ചാണിയിൽ | 6/544A-158.24M2 |
| 3 | ദീപു കെ.കെ. | 2/431A-214.56M2 |
| 4 | രാജു മാർഷൽ | 19/458A,B,C,D,E,F,G-158M2 |
| 5 | രേഖ ആർ. | 14/115A-237.07M2 |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(14/20.12.22) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ വർദ്ധനവ് നൽകി നികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 കുത്തകപ്പാട്ടം വരവ് അന്യാധീനമാവുന്നു

ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് തണ്ടപ്പേർ രജിസ്റ്റർ പ്രകാരവും കുത്തകപ്പാട്ട ഡിമാന്റ് രജിസ്റ്റർ പ്രകാരവും 2000-2001 കാലയളവുവരെ 183 വ്യക്തികൾക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ കുത്തകപ്പാട്ടത്തിനു നൽകിയിരുന്നതിന്റെ വിവരങ്ങൾ ലഭ്യമാണെങ്കിലും ഈ കാലയളവിനുശേഷം ഇതിന്റെ വരവ് ഡിമാന്റ് ചെയ്യപ്പെടുന്നില്ല. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 16.2.2022ലെ 4-ാം നമ്പർ തീരുമാനപ്രകാരം ഈ ഇനത്തിൽ കുടിശ്ശികയുള്ളവരെ കണ്ടെത്താനും തുക ഈടാക്കാനും തീരുമാനമെടുത്തിട്ടുണ്ടെങ്കിലും 2021-22 സാമ്പത്തികവർഷത്തിൽ ഒരു വ്യക്തിയിൽ നിന്നുമാത്രമാണ് പാട്ടതുക ലഭിച്ചിരിക്കുന്നത്. കുടിശ്ശികയുള്ളവരെ കണ്ടെത്തുന്നതിനും പാട്ടത്തുക കാലാനുസൃതമായി പുതുക്കി നിശ്ചയിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ്

എൻക്വയറി(11/20.12.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുത്തകപ്പാട്ടം ഇനത്തിലെ വരവ് നഷ്ടപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ക്ഷേമ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ പെൻഷൻ വിതരണ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് /വിലാസം | മരിച്ച തീയതി/ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം പെൻഷൻ /ഐഡി | അധികം നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പീതാംബരൻ പട്ടാണിശ്ശേരി കോളനി | 11.09.2021/ 20.10.2021 | വാർദ്ധക്യകാല പെൻഷൻ 104430200327 | 10/2021- 11/2022 വരെ . (1600*14) =22400 /- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 2 | ശശിയപ്പൻ, തച്ചേരിയിൽ മായിത്തറ | 23.08.2021/ 20.11.2021 | വാർദ്ധക്യകാല പെൻഷൻ 104430203619 | 09/2021- 11/2022 വരെ (1 600*15) =24000 | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 3 | ഇ.എ.സ്റ്റീഫൻ, ഈരവേലി, കളരിക്കൽ തെക്ക് | 16.09.2021/ 11.10.2021 | വാർദ്ധക്യകാല പെൻഷൻ 104430203292 | 10/2021- 11/2022 വരെ (1600*14) =22400 /- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 4 | തങ്കപ്പൻ പൂണത്തുചിറ അർത്തുങ്കൽ | 13.2.2022/ 05.03.2022 | വാർദ്ധക്യകാല പെൻഷൻ 104430200556 | 03/2022-11/2022വരെ (1600*9) =14400 | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 5 | ഗോപാലകൃഷ്ണൻ, കണ്ടമംഗലത്ത് നികർത്ത്, കുറ്റപ്പാംകുളങ്ങര | 05.04.2021/ 19.05.2021 | വാർദ്ധക്യകാല പെൻഷൻ 104430203264 | 5/2021-11/2022വരെ( 19*1600) = 30400/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 6 | ഫ്രാൻസിസ്. പി.എക്സ്., പാലിയത്തറ, അർത്തുങ്കൽ | 01.5.2021/ 25.2.2021 | വാർദ്ധക്യകാല പെൻഷൻ 104430201380 | 6/2021-11/2022വരെ 19200/- (1600*18) =28800 | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |

| | | | | | |
|---|---|---|---|---|---|
| 7 | രവീന്ദ്രൻ കണ്ണാട്ടചിറ, കറുപ്പൻകുളങ്ങര | 13.03.2021/ 04.05.2021 | വാർദ്ധക്യകാല പെൻഷൻ 104430202839 | 4/2021- 11/2022 22400/-രൂപ (1600*20) =32000 | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 8 | ജോൺ പാല്യത്തയ്യിൽ, അർത്തുങ്കൽ | 10.08.2021/ 7.9.2021 | വാർദ്ധക്യകാല പെൻഷൻ 104430201141 | 09/2021-11/2022വരെ 1600*15 =24000/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| ആകെ | | | | 2,20,800 | |

നാളിതു വരെ സസ്പെൻഡ് ചെയ്യാത്തവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും പെൻഷൻ തുക അനന്തരഅവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കിയും, ബാങ്കുകളുടെ അക്കൌണ്ടിൽ നിലനിൽക്കുന്ന തുക കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെയും വിശദാംശം അറിയിക്കേണ്ടതാണ്.

ധനകാര്യ(എസ്.എഫ്.സി.ബി) വകുപ്പിന്റെ 28.8.2021 ലെ 63/2021 ധന.സർക്കുലറിലെ (1)-ാം നമ്പർ നിർദ്ദേശപ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുൻപ് മരണവിവരം അറിയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രശസ്തമായ ഹോസ്പിറ്റൽ, സർക്കാർ ഓൾഡേജ് ഹോം എന്നിവയുള്ളതിനാൽ മറ്റ് പഞ്ചായത്തുനിവാസികളുടെ നിരവധി മരണങ്ങൾ ഇവിടെ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. ആയതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽനിന്നും ടിയാളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ സമയബന്ധിതമായി സേവനഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്. ആയതിന് സർക്കാർ ഉത്തരവ് (എം.എസ് )നം.97/2020 ധന.തീയതി 23.9.2020 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

1) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ശേഖരിച്ച് അന്വേഷണത്തിനുശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

2) മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

3) പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനന്തരവകാശികൾ പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ടതാണ്.

നാളിതുവരെയായിട്ടും പെൻഷൻ സസ്പെൻഡ് ചെയ്യാത്തതായി സൂചിപ്പിച്ചിട്ടുള്ള വ്യക്തികളുടെ അനർഹമായ കാലയളവിലേക്ക് നല്കിയ പെൻഷൻ, തുക തിരികെ സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതുവരെ, യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യാതിരുന്നതിന് ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 1-14 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ടിൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് | S0051/22 ഹോമിയോ ആശുപത്രിക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ |
| അടങ്കൽ | 4,00,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം) |

| | |
|---|---|
| ചെലവ് | ബിൽ നം.23/21-22 തീയതി 14.02.2022 |

ഹോമിയോ ആശുപത്രിക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങി നൽകുന്നതിനായി PF 1217/18.12.2021-ാം നമ്പ്ര ഇൻവോയിസ് പ്രകാരം 4 ലക്ഷം രൂപമേൽ ബിൽ പ്രകാരം ഹോംകോയിലേക്ക് നൽകിയിട്ടുണ്ടെങ്കിലും 1,95,667/-രൂപയുടെ മരുന്നുകൾ(ഇൻവോയിസ് നം.LF219/23.6.2022)മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(25/22.12.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരുന്ന് പൂർണ്ണമായും ലഭ്യമാകുന്നതുവരെ 2,04,333/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ കസേര പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ 11/22(എസ്.സി.പി.74995)

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിൽ തൻവർഷം ഹെഡ്മിസ്ട്രസ് (ജി.എൽ.പി.എസ്) നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾ മേശ കസേര നൽകൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ആകെ 15 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. കേരള സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും സ്റ്റീൽ മേശ, കസേര എന്നിവ വാങ്ങിയതിന് ബിൽ നമ്പർ 3/17.3.22പ്രകാരം 74,995/-രൂപ നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം ഈ ആനുകൂല്യം ഒരു തവണ മാത്രമേ നൽകാവൂ എന്നും പട്ടികജാതി വകസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളവർ അർഹരല്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പട്ടികജാതി വകസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. ആയത് സൂക്ഷിച്ചിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/20.12.22) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിത സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഈ പദ്ധതിക്കായുള്ള 74,995/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 പഞ്ചായത്തിന്റെ കണക്കിൽ ഉൾക്കൊള്ളിക്കാതെ ചെലവ് നടത്തി

ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം (അക്കൗണ്ട് നം.17510100154805) പ്രകാരം 15.11.2021-ൽ 92,450/-രൂപ വി.എഫ്.പി.സി.കെ ജില്ലാ മാനേജർക്ക് നല്കിയതായി കാണുന്നു. എന്നാൽ ഈ തുക ഗ്രാമ പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലോ, വാർഷിക ധനകാര്യ പത്രികയിലോ, സുലേഖയിൽ നിന്നുള്ള എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലോ ഉൾപ്പെട്ടതായി കാണുന്നില്ല. പഞ്ചായത്തിന്റെ ചെലവ് കണക്കിൽ ഉൾക്കൊള്ളിക്കാതെ തുക ചെലവഴിക്കാനുണ്ടായ സാഹചര്യം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7 തീ.17.12.2022) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-17 പ്രോജക്റ്റ് രൂപീകരിക്കാതെ ചെലവ് നടത്തി

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 22100771 നമ്പർ വൌച്ചർ പ്രകാരം 09.07.2020 മുതൽ 22.11.2020 വരെ ചേർത്തല അർത്തുങ്കൽ പൊഴി മുറിച്ചതിന്റെ ജെ.സി.ബി വാടകയിനത്തിൽ 1,33,900/-രൂപ (ചെക്ക് നം.22100771 തീ.22.12.2021) തനത് ഫണ്ടിൽ നിന്നും കെ.പ്രസാദ് എന്നയാൾക്ക് നല്കിയതായി കാണുന്നു. എന്നാൽ ഇപ്രകാരം ഒരു പേയ്മെന്റ് നടത്തുന്നതിന് പ്രോജക്റ്റ് രൂപീകരിച്ചതായി കാണുന്നില്ല. 2020-21 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി "ചേന്നവേലി അർത്തുങ്കൽ പൊഴിത്തോടുകളുടെ നവീകരണം" എന്ന പേരിൽ പതിനെട്ട് ലക്ഷം രൂപ അടങ്കലിൽ പ്രോജക്റ്റ് (നം.99) രൂപീകരിച്ചിരുന്നു. ഈ പ്രോജക്റ്റിൽ 2020-21 സാമ്പത്തിക വർഷം ചെലവുകളൊന്നും തന്നെ വന്നതായി കാണുന്നില്ല. തൻവർഷം പ്രസ്തുത പ്രോജക്റ്റ് സ്പിൽ ഓവറാക്കി മാറ്റിയിട്ടുമില്ല. തൻവർഷം "ജെ.സി.ബി വാടക" എന്ന പേരിൽ പൊഴിമുറിക്കുന്നതിന് പ്രത്യേക പ്രോജക്റ്റ് രൂപീകരിച്ചിട്ടുമുണ്ട്.

മേൽ പ്രവർത്തി ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3 തീ.17.12.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-18 ഐ.കെ.എം-നുള്ള വിഹിതം-വിനിയോഗ രേഖകൾ ലഭ്യമല്ല

പ്രോജക്റ്റിന്റെ പേര് : ഐ.കെ.എം-ന് അടയ്ക്കേണ്ട വിഹിതം

പ്രോജക്റ്റ് നം. : 1/2022

അടങ്കൽ : വികസന ഫണ്ട് - 1,29,280/-

ചെലവ് : 1,29,280/- (ബിൽ റെഫറൻസ് നം.21060552016600465459 തീയതി 29.09.2021)

നിർവ്വഹണം : സെക്രട്ടറി

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിന്റെ ഐ.കെ.എം-നുള്ള വിഹിതമായി 1,29,280/- രൂപ മേൽ ബിൽ പ്രകാരം ഐ.കെ.എം-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5 തീയതി 17.12.2022) മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ചെലവ് തുക (1,29,280/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഐ.കെ.എം- ൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 യഥാസമയം എഗ്രിമെന്റിൽ ഏർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ റിവൈസ്ഡ് എഡിഷൻ 2012- (Revised As Per G.O.(P)No.13/2012/PWD Dated 01.02.2012) സെക്ഷൻ 2009.6 പ്രകാരം പ്രവൃത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാറിലേർപ്പെട്ടിട്ടില്ലായെങ്കിൽ ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്റ്റ് തുകയുടെ 1% (മിനിമം-1000/- രൂപ, മാക്സിമം- 25000/- രൂപ) ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്ന് പറഞ്ഞിരിക്കുന്നു. ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിൽ താഴെപ്പറയുന്ന പ്രവൃത്തികളുടെ കരാറുകാർ അനുവദിക്കപ്പെട്ട സമയപരിധിക്ക് ശേഷമാണ് കരാറിൽ ഏർപ്പെട്ടതെന്ന് കാണുന്നു. എന്നാൽ പ്രസ്തുത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കാതിരുന്നതു മൂലം പഞ്ചായത്തിന് താഴെപ്പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

| | |
|---|---|
| 1.പ്രോജക്റ്റ് നം. | : 37 |
| പ്രോജക്റ്റിന്റെ പേര് | : 70-ാം നമ്പർ അങ്കണവാടി വൈദ്യുതീകരണം |
| നിർവ്വഹണം | : സെക്രട്ടറി |
| കോൺട്രാക്റ്ററുടെ പേര് | : ശ്രീമതി ഷൈനി ഇ.കെ. |
| എഗ്രീഡ് പി.എ.സി | : 67,000/- രൂപ |
| സെലക്ഷൻ നോട്ടീസ് നം./ തീയതി | : എ.2/2877/2021 തീ.17.08.2021 |
| എഗ്രിമെന്റിൽ ഏർപ്പെടേണ്ടിയിരുന്ന തീയതി | : 31.08.2021 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി | : 09.09.2021 (നം.01/2021-22) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : 1,000/-രൂപ (മിനിമം) |
| ചെലവ് | 63,308/- രൂപ,<br>(1.ബിൽ റെഫറൻസ് നം.21060552016600844065 തീ.27.12.2021) |

| | |
|---|---|
| 2.പ്രോജക്റ്റ് നം. | : 38 |
| പ്രോജക്റ്റിന്റെ പേര് | : 78-ാം നമ്പർ അങ്കണവാടി വൈദ്യുതീകരണം |
| നിർവ്വഹണം | : സെക്രട്ടറി |
| കോൺട്രാക്റ്ററുടെ പേര് | : ശ്രീ.സാജൻ പി.എസ്. |
| എഗ്രീഡ് പി.എ.സി | : 66,330/- രൂപ |
| സെലക്ഷൻ നോട്ടീസ് നം./ തീയതി | : എ.2/2878/2021 തീ.17.08.2021 |
| എഗ്രിമെന്റിൽ ഏർപ്പെടേണ്ടിയിരുന്ന തീയതി | : 31.08.2021 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി | : 09.09.2021 (നം.02/2021-22) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : 1,000/-രൂപ (മിനിമം) |
| ചെലവ് | 61,739/- രൂപ,<br>(1.ബിൽ റെഫറൻസ് നം.21060552016600844051 തീ.27.12.2021) |

| | |
|---|---|
| 3.പ്രോജക്റ്റ് നം. | : 39 |
| പ്രോജക്റ്റിന്റെ പേര് | : 68-ാം നമ്പർ അങ്കണവാടി വൈദ്യുതീകരണം |
| നിർവ്വഹണം | : സെക്രട്ടറി |
| കോൺട്രാക്റ്ററുടെ പേര് | : ശ്രീ.നിറ്റു പി.തോമസ് |
| എഗ്രീഡ് പി.എ.സി | : 67,000/- രൂപ |
| സെലക്ഷൻ നോട്ടീസ് നം./ തീയതി | : എ.2/2879/2021 തീ.17.08.2021 |
| എഗ്രിമെന്റിൽ ഏർപ്പെടേണ്ടിയിരുന്ന തീയതി | : 31.08.2021 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി | : 10.09.2021 (നം.03/2021-22) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : 1,000/-രൂപ (മിനിമം) |
| ചെലവ് | 52,903/- രൂപ,<br>(1.ബിൽ റെഫറൻസ് നം.21060552016600844059 തീ.27.12.2021) |

| | |
|---|---|
| 4.പ്രോജക്റ്റ് നം. | : 40 |
| പ്രോജക്ടിന്റെ പേര് | : 79-ാം നമ്പർ അങ്കണവാടി വൈദ്യുതീകരണം |
| നിർവ്വഹണം | : സെക്രട്ടറി |
| കോൺട്രാക്ടറുടെ പേര് | : ശ്രീ.എൻ.ഡി.വർഗീസ് |
| എഗ്രീഡ് പി.എ.സി | : 67,000/- രൂപ |
| സെലക്ഷൻ നോട്ടീസ് നം./ തീയതി | : എ.2/2880/2021 തീ.17.08.2021 |
| എഗ്രിമെന്റിൽ ഏർപ്പെടേണ്ടിയിരുന്ന തീയതി | : 31.08.2021 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി | : 10.09.2021 (നം.04/2021-22) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : 1,000/-രൂപ (മിനിമം) |
| ചെലവ് | 51,453/- രൂപ,<br>(1.ബിൽ റെഫറൻസ് നം.21060552016600844068 തീ.27.12.2021) |

| | |
|---|---|
| 5.പ്രോജക്റ്റ് നം. | : 41 |
| പ്രോജക്ടിന്റെ പേര് | : 77-ാം നമ്പർ അങ്കണവാടി വൈദ്യുതീകരണം |
| നിർവ്വഹണം | : സെക്രട്ടറി |
| കോൺട്രാക്ടറുടെ പേര് | : ശ്രീ.സാജൻ പി.എസ്. |
| എഗ്രീഡ് പി.എ.സി | : 66,330/- രൂപ |
| സെലക്ഷൻ നോട്ടീസ് നം./ തീയതി | : എ.2/2881/2021 തീ.17.08.2021 |
| എഗ്രിമെന്റിൽ ഏർപ്പെടേണ്ടിയിരുന്ന തീയതി | : 31.08.2021 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി | : 10.09.2021 (നം.05/2021-22) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : 1,000/-രൂപ (മിനിമം) |
| ചെലവ് | 55,206/- രൂപ,<br>(1.ബിൽ റെഫറൻസ് നം.21060552016600844055 തീ.27.12.2021) |

ഫൈൻ ഈടാക്കാതിരുന്നതു മൂലം ഗ്രാമ പഞ്ചായത്തിന് 5,000/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കി വിവരം അറിയിക്കാൻ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1 തീ. 16.12.2022) നല്കിയ മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 വെള്ളക്കരം യഥാസമയം തുക ഒടുക്കാത്തതു മൂലമുള്ള ഫൈൻ വർദ്ധിക്കുന്നു

കേരള വാട്ടർ അതോറിറ്റിയുടെ 13.04.2021-ലെ 50901 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 31.03.2021-ൽ ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 9,128/- രൂപ കുടിശ്ശിക ഉണ്ടായിരുന്നു. 2021-22 സാമ്പത്തിക വർഷം വാട്ടർ അതോറിറ്റി 396 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ എല്ലാ മാസവും 1,81,929/- രൂപ ഡിമാന്റ് ചെയ്യുന്നതോടൊപ്പം മേൽ കുടിശ്ശികയും ആയതിന്റെ ഫൈനും അതോടൊപ്പം ഡിമാന്റ് ചെയ്തു വരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് കുടിശ്ശിക തുക ഒടുക്കാത്തതിനാൽ 2021-22 സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരമുള്ള ഫൈൻ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഡിമാന്റ് നോട്ടീസ് നം./തീയതി | ഡിമാന്റ് ചെയ്ത ഫൈൻ |
|---|---|---|
| 1 | 50901/13.04.2021 | 179 |
| 2 | 52283/18.05.2021 | 183 |
| 3 | 52932/08.06.2021 | 186 |
| 4 | 53594/05.07.2022 | 190 |
| 5 | 54609/05.08.2021 | 194 |
| 6 | 55491/04.09.2021 | 3836 |

| | | |
|---|---|---|
| 7 | 56607/07.10.2021 | 201 |
| 8 | 57422/06.11.2021 | 3844 |
| 9 | 58277/07.12.2021 | 3848 |
| 10 | 59269/06.01.2022 | 286 |
| 11 | 60382/09.02.2022 | 4002 |
| 12 | 61425/09.03.2022 | 371 |
| | ആകെ | 17320/- |

മേൽ ഫൈൻ തുകയിൽ 2021 സെപ്റ്റംബർ, നവംബർ, ഡിസംബർ, 2022 ഫെബ്രുവരി എന്നീ മാസങ്ങളിലെ അധിക ഫൈൻ തൻവർഷം യഥാസമയം വാട്ടർ ചാർജ് ഒടുക്കാതിരുന്നതു മൂലമാണ് വന്നതെന്ന് കാണുന്നു. ടി നാല് മാസങ്ങളിൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത അധിക ഫൈൻ ജീവനക്കാരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെങ്കിൽ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. മുൻവർഷവും ഇത്തരത്തിൽ കുടിശ്ശിക വരുത്തിയത് ജീവനക്കാരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെങ്കിൽ ഉത്തരവാദികളായവരെ കണ്ടെത്തി ടി തുകകളും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6 തീ.17.12.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-21 ഭരണഘടനയുടെ ആർട്ടിക്കിൾ 243G പ്രകാരം ഒഴിവാക്കപ്പെട്ടയിനത്തിനും ജി.എസ്.ടി നൽകി

കരിപ്പയിൽ ചാലിന്റെ അനുബന്ധ ശാഖകൾ വൃത്തിയാക്കൽ
പ്രോജക്ട് നമ്പർ -124/22

അടങ്കൽ-5,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

കരാറുകാരൻ- വിഷ്ണുദാസ്

ബിൽ റഫറൻസ് നമ്പർ XVFC/P21, 22/21-22/31.3.22

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ കരിപ്പയിൽ ചാലിന്റെ അനുബന്ധ ശാഖകൾ വൃത്തിയാക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചാലിന്റെ ശാഖകൾ വൃത്തിയാക്കുന്നതിന് എർത്ത് വർക്ക് എസ്കവേഷൻ മാത്രം ആകെ മൂല്യത്തിന്റെ 96%ചെയ്തിട്ടുണ്ട്. ആകെ മൂല്യം 4,18,280.95/- രൂപയാണ്. ഇതിൽ എർത്ത് വർക്ക് എസ്കവേഷന് (8195.65m3 @49/m3)
401586/-രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം എർത്ത് വർക്ക് മാത്രം 75%ൽ അധികമാണെങ്കിൽ ജി.എസ്.ടി 5% മാത്രമാണ് ബാധകമാകുന്നത്. എന്നാൽ വാട്ടർ മാനേജ്മെന്റ് ആന്റ് വാട്ടർ ഷെഡ് ഡെവലപ്മെന്റ് എന്നത് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243Gൽ പെട്ടതായതിനാൽ ജി.എസ്.ടി ഒഴിവാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ പ്രവൃത്തിക്ക് 12% ജി.എസ്.ടി (50193/-) അനുവദിച്ചിട്ടുള്ളതായി കാണുന്നു. പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/21.12.23) മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടിയിൽ നിന്നും ഒഴിവാക്കപ്പെട്ടയിനത്തിന് ജി.എസ്.ടി നൽകുകവഴി അധികം ചെലവഴിച്ച 50,193/- രൂപ നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-22 നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ വെച്ചില്ല-സംസ്ഥാന സർക്കാരിന് നഷ്ടം

കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം 2018-19 വർഷം മുതൽ മരാമത്ത് പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും സ്റ്റാമ്പ് ആക്ട് ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2018-19 ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്തതും 2021-22 ൽ അസിസ്റ്റന്റ് എഞ്ചിനീയർ (LID&EW) മുഖാന്തിരം പൂർത്തിയാക്കിയതുമായ അങ്കണവാടി 69ന്റെ കെട്ടിട നിർമ്മാണ ഫയൽ പരിശോധിച്ചതിൽ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് കരാറേറ്റെടുത്ത ശ്രീ.വിൻസെന്റ് ദാസ് എന്നയാളുമായി കരാറിലേർപ്പെട്ടതിൽ മുദ്രപ്പത്ര വിലയിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു. കൂടാതെ ഇയാളുടെ സ്ഥാപനം സാമ്പത്തിക ബാധ്യതമൂലം പ്രവർത്തന രഹിതമായെന്നും ടിയാളെ കരാറിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചതിനെ തുടർന്ന് ടിയാളെ ഒഴിവാക്കുകയും ശ്രീ.ശ്യാംകുമാർ എന്നയാളുമായി കരാറിലേർപ്പെട്ടപ്പോഴും മുദ്രപ്പത്രവിലയിൽ കുറവ് വന്നിട്ടുണ്ട്. കൂടാതെ അങ്കണവാടി നമ്പർ 66 ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടും മേൽ വസ്തുത ആവർത്തിച്ചിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് കരാറുകാരൻ | പി.എ.സി | എഗ്രിമെന്റ് വെച്ചമുദ്രപ്പത്രത്തിന്റെ മൂല്യം | എഗ്രിമെന്റ് വെക്കേണ്ട മുദ്രപ്പത്രത്തിന്റെ മൂല്യം | കുറവ് |
|---|---|---|---|---|---|
| 1 | അങ്കണവാടി 69 നിർമ്മാണം/ വിൻസന്റ് ദാസ് | 589748 | 200 | 600 | 400 |
| 2 | അങ്കണവാടി 66 നിർമ്മാണം/ വിൻസന്റ് | 575561 | 200 | 600 | 400 |

| | | | | | |
|---|---|---|---|---|---|
| | ദാസ് | | | | |
| 3 | അങ്കണവാടി 69 നിർമ്മാണം/ ശ്യാംകുമാർ | 556249 | 200 | 600 | 400 |

മേൽ എഗ്രിമെന്റ് പരിശോധിച്ചതിൽ പ്രവ്യത്തിയുടെ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. ആയതുകൊണ്ട് തന്നെ അങ്കണവാടി കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാകാതെ വന്നിരിക്കുന്നു. കൂടാതെ ടി പ്രവർത്തിയുടെ അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തുന്ന തീയതി ഉൾപ്പെടുത്തുന്നില്ല. ആയതിനാൽ യഥാർത്ഥത്തിൽ പ്രവൃത്തി പൂർത്തിയാക്കിയതെന്നാണെന്ന് മനസ്സിലാക്കുവാൻ സാധിക്കാത്ത അവസ്ഥ നിലനിൽക്കുന്നു. സ്റ്റാമ്പ് ആക്ടിന് വിരുദ്ധമായി കരാർ വെച്ചത് സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (21/21.12.22) മറുപടി ലഭ്യമാക്കിയില്ല. പട്ടികയിൽ സൂചിപ്പിച്ചവിധം നിശ്ചിത നിരക്കിലുള്ള മുദ്രപ്പത്രത്തിൽ കരാറിലേർപ്പെടാതിരുന്നത് മൂലം സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല

2021-22 സാമ്പത്തിക വർഷം ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാർക്ക് തുക നൽകിയപ്പോൾ ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു. ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194(സി) പ്രകാരം ഒറ്റ തവണ ഒരു കോൺട്രാക്ടർക്ക് 30,000/- രൂപയിൽ അധികം നല്കുമ്പോഴോ ഒരു സാമ്പത്തിക വർഷം നല്കുന്ന ആകെ തുക 1,00,000/-രൂപ കവിയുമ്പോഴോ ടിയാളിൽ നിന്നും 1% ആദായ നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, വർക്ക് കോഡ് | കരാറുകാരൻ | നൽകിയ തുക | തുക നൽകിയ തിയതി | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|---|---|---|
| 1 | അങ്കണവാടി 62, വാർഡ് 6 നിർമ്മാണം, AV2251 | ശ്യാംകുമാർ | 85155 | 5.5.21 | 1820 |
| 2 | അങ്കണവാടി വാർഡ്7 നിർമ്മാണം, AV2503 | | 96796 | 13.4.21 | |
| ആകെ | | | 181951 | | |
| 3 | പുതിയവീട് കോലോത്തുകരിപ്പയിൽ ബോക്സ് കൾവർട്ട് AV261374 | ജോയ് എം.എ. | 243829 | 5.7.21 | |
| | തിരുതേക്കാട്ട് ചാലിപ്പുറം റോഡ് RC305390 | | 116500 | 4.4.21 | |
| | മറ്റപ്പള്ളി തറമൂട് റോഡ് RC 308437 | | 233881 | 4.4.21 | |
| ആകെ | | | 594210 | | 5942 |
| 4 | കുരിശിങ്കൽ പള്ളിപ്പറമ്പ് റോഡ് RC289933 | രജീഷ് പി. | 92300 | 5.7.21 | |
| 5 | കോലനാട്ട് മുല്ലശ്ശേരി റോഡ് RC 291118 | | 112790 | 5.7.21 | |
| 6 | പട്ടാണശ്ശേരി ഭജനമഠം റോഡ് RC297436 | | 95954 | 5.7.21 | |
| | പ്ലാക്കുഴി പുത്തൻപറമ്പ് ഗ്രാവൽ റോഡ് RC 308374 | | 167220 | 5.7.21 | |
| | പ്ലാക്കുഴി പുത്തൻപറമ്പ് ഗ്രാവൽ റോഡ് 2nd റീച്ച് RC 308943 | | 186760 | 4.4.21 | |
| | പല്യാതയ്യിൽ കടിയാമശ്ശേരി റോഡ് കോൺക്രീറ്റിംഗ് RC309865 | | 407981 | 5.7.21 | |
| | | | 1063005 | | 10630 |
| 7 | കൊളത്തുച്ചിറ പുത്തൻപുരയ്ക്കൽ റോഡ് RC297598 | ഖാദിൽക്കർ | 117950 | 5.7.21 | |
| | തിരുതെയ്ക്കാട്ട് അങ്കണവാടി നടപ്പാതRC303799 | | 55090 | | |
| | പല്ലേക്കാട്ട് അരീപ്പറമ്പ് കോൺക്രീറ്റ് റോഡ് RC 303800 | | 376168 | | |

| | | | | | |
|---|---|---|---|---|---|
| | | | 549208 | | 5492 |
| 8 | പൂളിച്ചവട് മരിയിൽ റോഡ് മെറ്റലിംഗ് RC298940, 298941 | സതീഷ്കുമാർ എം. | 479188 | 4.4.21 | |
| | | | 479188 | | 4792 |
| 9 | മുട്ടുങ്കൽ ചമ്പക്കാട്ട് റോഡ് മെറ്റലിംഗ് RC299204 | ആന്റണി | 302230 | 5.7.21 | |
| | | | 302230 | | 3022 |
| | ആകെ | | | | 31,698 |

മേൽക്കാണിച്ചിട്ടുള്ള വിധം ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്യാതിരുന്നത് മൂലമുണ്ടായ നഷ്ടം 31,698/- രൂപ ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-24 കാലിവീപ്പയുടെ ജി.എസ്.ടി സംബന്ധിച്ച്

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടുന്ന തുക ബില്ലിൽ നിന്നും കുറവ് ചെയ്താണ് പിൻവലിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കപ്പെട്ടുവെങ്കിലും ആയതിന്റെ ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തിയിട്ടുള്ളതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ്/പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 281 രൂപ നിരക്കിൽ ബില്ലിൽ കുറവ് ചെയ്ത തുക | ജി.എസ്.ടിയിനത്തിൽ ഒടുക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|---|
| 1 | 79/22 വട്ടവെളി അറക്കൽ വെളി റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7ബാരൽ | 1,967 | 301 |
| 2 | 67/22 ഇടത്തിവെളി കോളനി റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7 ബാരൽ | 1,967 | 301 |
| 3 | 185/22 പൂണത്ത് കാട്ടിപ്പറമ്പ് റോഡ് മെറ്റലിംഗ് &ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7 ബാരൽ | 1,967 | 301 |
| 4 | 191/22 കൃസ്തുരാജ് ബീച്ച് റോഡ് മെറ്റലിംഗ് &ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 5 ബാരൽ | 1,405 | 215 |
| 5 | 89/22 തോമസ് കുട്ടി വൈദ്യർ റോഡ് പുനരുദ്ധാരണം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 8ബാരൽ | 2,248 | 344 |
| 6 | 59/22 ആലപ്പറമ്പ് കരിശിങ്കൽ റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7 ബാരൽ | 1,967 | 301 |
| 7 | 81/22ഗുരുപുരം മാത്തശ്ശേരി റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7 ബാരൽ | 1,967 | 301 |

| | | | | | |
|---|---|---|---|---|---|
| 8 | 72/22 കുന്നംപുറം കോന്നംകാട്ട് റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7 ബാരൽ | 1,967 | 301 |
| 9 | 93/22 വയലാർ രവി പാലം ബീച്ച് റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7 ബാരൽ | 1,967 | 301 |
| 10 | 60/22 മുസ്ലീംപള്ളി പനഞ്ചിക്കൽ റോഡ് പുനരുദ്ധാരണം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7 ബാരൽ | 1,967 | 301 |
| 11 | 90/22 അർത്തുങ്കൽ കനാൽ റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7 ബാരൽ | 1,967 | 301 |
| 12 | 83/22 വലിയപുരക്കൽറോഡ് മോറ്റലിംഗ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7 ബാരൽ | 1,967 | 301 |
| | ആകെ | | | | 3,569 |

ഏതാനം ഉദാഹരണങ്ങൾ മാത്രമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ സൂചിപ്പിച്ചിട്ടുള്ള വിധം കാലിവീപ്പയുടെ ജി.എസ്.ടി പ്രത്യേകം കണക്കാക്കി പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്താതെ ജി.എസ്.ടി.യുൾപ്പെടുന്ന തുക ബില്ലിൽ കുറവ് ചെയ്യതിനാൽ സംസ്ഥാന/കേന്ദ്ര ജി.എസ്.ടി വകുപ്പുകൾക്ക് ലഭിക്കേണ്ട തുക നഷ്ടമായി. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം നഷ്ടമായ 3,569/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-25 ആദായ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

1) 2021-22 സാമ്പത്തിക വർഷം ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിൽ വിവിധ പൊഴികൾ മുറിച്ചതിന് ജെ.സി.ബി വാടകയിനത്തിൽ വിവിധ കരാറുകാർക്ക് ആകെ 2,31,740/- രൂപ നല്കിയിട്ടുണ്ട്. ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194(സി) പ്രകാരം ഒറ്റ തവണ ഒരു കോൺട്രാക്ടർക്ക് 30,000/- രൂപയിൽ അധികം നല്കുമ്പോഴോ ഒരു സാമ്പത്തിക വർഷം നല്കുന്ന മൊത്ത തുക 1,00,000/-രൂപ കവിയുമ്പോഴോ ടിയാളിൽ നിന്നും 1% ആദായ നികുതി ഈടാക്കേണ്ടതാണ്. ആയതനുസരിച്ച് ജെ.സി.ബി വാടകയിനത്തിൽ താഴെപ്പറയുന്ന ചെക്കുകൾ പ്രകാരം നല്കിയ തുകയിൽ നിന്നും ആദായ നികുതി കുറവ് ചെയ്യേണ്ടതായിരുന്നു.

| ക്രമ നം. | ചെക്ക് നം./തീയതി | തുക | ഈടാക്കേണ്ട ആദായ നികുതി | കരാറുകാരന്റെ പേര് |
|---|---|---|---|---|
| 1 | 27260/07.10.2021 | 40,560 | 406 | ശ്രീമതി അനമോൾ തോമസ് |
| 2 | 27275/16.10.2021 | 2,040 | | ശ്രീമതി അനമോൾ തോമസ് |
| 3 | 29210/17.02.2022 | 16,320 | | ശ്രീമതി അനമോൾ തോമസ് |
| 4 | 29260/30.03.2022 | 30,600 | 306 | ശ്രീമതി അനമോൾ തോമസ് |
| 5 | 6944271/21.12.2021 | 1,33,900 | 1,339 | ശ്രീ.പ്രസാദ് കെ. |
| 6 | 29248/11.03.2022 | 8,320 | | ശ്രീ.കിഷോർ |
| | ആകെ | 2,31,740 | 2,051/-രൂപ | |

2) 2021-22 സാമ്പത്തിക വർഷം ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ലേബർ സപ്ലൈ ചെയ്ത കരാർ ഏജൻസിക്കും ഭക്ഷണം സപ്ലൈ ചെയ്ത കരാറുകാരനും താഴെപ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്. ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194(സി) പ്രകാരം ഒറ്റ തവണ ഒരു കോൺട്രാക്ടർക്ക് 30,000/- രൂപയിൽ അധികം നല്കുമ്പോഴോ ഒരു സാമ്പത്തിക വർഷം നല്കുന്ന മൊത്ത തുക 1,00,000/-രൂപ കവിയുമ്പോഴോ ടിയാളിൽ നിന്നും 1% (കോൺട്രാക്ടർ ഒരു വ്യക്തിയോ ഹിന്ദു അൺഡിവൈഡഡ് ഫാമിലിയോ അല്ലെങ്കിൽ 2%) ആദായ നികുതി ഈടാക്കേണ്ടതാണ്. സെക്ഷൻ 194(C)-യിലെ വർക്ക് എന്നതിൽ സപ്ലൈ ഓഫ് ലേബർ, കാറ്ററിംഗ് എന്നിവ ഉൾപ്പെടുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതനുസരിച്ച് താഴെപ്പറയുന്ന കരാറുകാർക്ക് നല്കിയ തുകയിൽ നിന്നും ആദായ നികുതി കുറവ് ചെയ്യേണ്ടതായിരുന്നു.

| ക്രമ നം. | ബിൽ/ചെക്ക് നം./തീയതി | തുക | ഈടാക്കേണ്ട ആദായ നികുതി | കരാറുകാരന്റെ പേര് |
|---|---|---|---|---|
| ലേബർ സപ്ലൈ | | | | |

| | | | | |
|---|---|---|---|---|
| 1 | 6/11.06.2021 | 82,500 | 1650 | വി-ഗേറ്റ് ഏജൻസി (ഗിരീഷ് കെ.ബി.) |
| 2 | 8/07.07.2021 | 1,89,750 | 3795 | |
| 3 | 18/13.08.2021 | 1,35,000 | 2700 | |
| 4 | 23/10.09.2021 | 2,55,750 | 5115 | |
| 5 | 30/08.10.2021 | 2,47,500 | 4950 | |
| 6 | 6944252/23.10.2021 | 1,23,750 | 2475 | |
| | ആകെ | | 20685 | |
| കാറ്ററിംഗ് | | | | |
| 1 | 13/29.07.2021 | 1,53,211 | 1532 | കെ.എ.അനിൽ കുമാർ അറവുകാട് കാറ്ററിംഗ് |
| 2 | 21/18.08.2021 | 1,58,620 | 1586 | |
| 3 | 6944245/28.09.2021 | 1,61,900 | 1619 | |
| 4 | 6944256/29.10.2021 | 2,32,540 | 2325 | |
| 5 | 243595/20.11.2021 | 59,320 | 593 | |
| | ആകെ | | 7655 | |
| | ആകെ | | 30391 | |

എന്നാൽ മേൽ പ്രകാരമുള്ള തുകകൾ നല്കിയപ്പോൾ ആദായ നികുതി കുറവ് ചെയ്തില്ല. കരാറുകാരിൽ നിന്നും എത്രയും വേഗം ആദായ നികുതി ഈടാക്കി ആദായ നികുതി വകുപ്പിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.9 തീ.19.12.2022), (നം.2 തീ.17.12.2022) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും എത്രയും വേഗം ആദായ നികുതി ഈടാക്കി ആദായ നികുതി വകുപ്പിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ഡിസ് പ്ലേ ബോർഡ് -മിഷൻ ഡയറക്ടറുടെ നിർദ്ദേശം നടപ്പിലാക്കുന്നില്ല

2021-22 ൽ ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിച്ചതിന് ഓരോ പ്രവൃത്തികൾക്കും അതത് മേറ്റുമാരുടെ പേരിൽ 5,000/-രൂപ നിരക്കിൽ നൽകിയിട്ടുള്ളതായി കാണുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറകടറുടെ 14.9.2018ലെ 2579/EGS-C/17/REGS നടപടിക്രമം അനുസരിച്ച് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് കുടുംബശ്രീ സംരംഭ ഗ്രൂപ്പിനെ ഏൽപ്പിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന ഗ്രൂപ്പുകൾക്ക് പരിശീലനം ലഭ്യമാക്കണമെന്നും തൊഴിലുറപ്പ് പദ്ധതിയുടെ എംബ്ലം ടൈലുകളിൽ പതിച്ചശേഷം പ്രസ്തുത ടൈൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൽ ഒട്ടിച്ച് വെക്കണമെന്നും ആയതിനുള്ള പരിശീലനം നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിലും ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശം നടപ്പിലാക്കിയതായി കാണുന്നില്ല. ഓഡിറ്റ് കാലയളവിൽ ഡിസ് പ്ലേ ബോർഡിന് പ്രത്യേകമായി ടെണ്ടർ ക്ഷണിക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള പരമാവധി തുക മേറ്റുമാരുടെ അക്കൗണ്ടുകളിലേക്ക് നൽകിവരുന്നതായി കാണുന്നു. മിഷൻ ഡയറക്ടറുടെ നിർദ്ദേശം നടപ്പിലാക്കാതിരുന്നത് സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (20/21.12.22) മറുപടി ലഭ്യമാക്കിയില്ല. ഡിസ്‌പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നതിന് തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 കന്നുകുട്ടി പരിപാലനം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം എന്ന പദ്ധതികൾക്ക് വേണ്ടി സ്പിൽ ഓവറായും പുതിയ പ്രോജക്ടായും തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | എസ്.ഒ 166/22(സ്പിൽ ഓവർ) | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 3,52,000(വികസന ഫണ്ട്)+3,75,000 ഗുണഭോക്തൃവിഹിതം ആകെ 7,72,000/- | 3,52,000/- ബിൽ നമ്പർ03/21-22-/18.02.2022 |
| 2 | എസ്.ഒ 62/22 | പ്രത്യേക | 5,50,000(വികസന ഫണ്ട്) +25,000(തനത് | 5,50,000/- |

| | | | | |
|---|---|---|---|---|
| | | കന്നുകുട്ടി പരിപാലന പദ്ധതി | ഫണ്ട്+ 11,50,000(ഗുണഭോക്തൃവിഹിതം) ആകെ 23,00,000/- | ബിൽ നമ്പർ09/21-22-/25.03.2022 25000(ചെക്ക് നം. 29277/31.03.22 |

ജി.ഒ.(ആർ.ടി.)നം.1699/2020/LSGD 20/09/2020 ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള വിഹിതം മൃഗസംരക്ഷണവകുപ്പ് ജോയിന്റ് ഡയറക്ടറുടെ(ജില്ലാ മൃഗസംരക്ഷണഓഫീസർ) പേരിൽ സ്പെഷ്യൽ ടി.എസ്.ബി അക്കൌണ്ടിലേയ്ക്ക് കൈമാറാൻ നൽകാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇപ്രകാരം ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് മേൽ രണ്ട് പ്രോജക്ടുകളിലായി 5,75,000/-രൂപയും 3,52,000/-രൂപയും അസിസ്റ്റൻറ് ഡയറക്ടറുടെ 706011400000019 നം.അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി തുകകളുടെ ധനവിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ധനവിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/20.12.22 ന് മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതുവരെയും ടി പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച 9,27,000/- രൂപയുടെ (352000/+ 575000/-) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

ഫിഷറീസ് ഓഫീസർ 2021-22 വർഷം നിർവ്വഹണം നടത്തിയ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | S0154/22 വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി | 11,33,105/- | 1,76,710/-(വികസന ഫണ്ട് പൊതുവിഭാഗം) |
| 2 | S0034/22 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ(മേശ, കസേര) | 7,04,000/- | 6,96,035/-(വികസന ഫണ്ട് പൊതുവിഭാഗം)<br>മേൽ ചെലവ് പ്രകാരം ആർട്കോ ലിമിറ്റഡിൽ നിന്നും 725/24.03.2022 നമ്പ്ര ബിൽ പ്രകാരം 87 എണ്ണം വീതം മേശ, കസേര എന്നിവ വാങ്ങിയിട്ടുണ്ടെങ്കിലും സ്റ്റോക്ക്, വിതരണ രേഖകൾ എന്നിവ ലഭ്യമല്ല |
| ആകെ | | | 8,72,745/- |

മേൽ സൂചിപ്പിച്ചിട്ടുള്ള പ്രോജക്ടുകളിലെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. (12/20.12.2022) നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 8,72,745/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ഉണർവ്വ് 2022 -സി.ഡി./ഫോട്ടോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല -5,500/- രൂപ തടസ്സപ്പെടുത്തുന്നു.

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷം 14-ാം പഞ്ചവത്സരപദ്ധതിയുടെ അവസ്ഥാ പഠനയാത്ര- ഉണർവ്വ് 2022 എന്ന പരിപാടിയുടെ ചെലവിലേയ്ക്കായി തനത് ഫണ്ടിൽ നിന്നും 5,500/- രൂപ വിനിയോഗിച്ചതായി വൗച്ചർ പരിശോധനയിൽ കാണുകയുണ്ടായി. ടി തുക മേൽ പരിപാടിയുടെ വീഡിയോ ചിത്രീകരണ ചാർജ്ജായി (5,500/- രൂപ) സജിമോൻ രചനാ സ്റ്റുഡിയോ എന്നയാൾക്കാണ് നൽകിയത്.(വൗച്ചർ നം-22101023-/11-03-22ചെക്ക് നം 29249/11-03-22). എന്നാൽ ടി പ്രോഗ്രാമിന്റെ സി.ഡി.യും ഫോട്ടോകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ഇവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. (വൗച്ചർ നം-22101023-/11-03-22 ചെക്ക് നം.29249/11-03-22) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സി.ഡി./ഫോട്ടോ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ടി പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 5,500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ലൈഫ് ഭവനപദ്ധതി

1) ലൈഫ് ഭവനപദ്ധതി പ്രകാരം 2018 മുതൽ 2022 വരെ ആകെ 483 ഗുണഭോക്താക്കളാണ് ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടത്. ജനറൽ വിഭാഗത്തിലും 433 പേരും എസ്.സി വിഭാഗത്തിൽ 46 പേരും, ജനറൽ വിഭാഗത്തിലെ 433 ഗുണഭോക്താക്കളിൽ 338 പേരും, എസ്.സി. വിഭാഗത്തിൽ 18 പേരും എസ്.സി വിഭാഗത്തിൽ ഒരാളും ഭവനനിർമ്മാണം പൂർത്തീകരിച്ചതാണ്. ഭവനനിർമ്മാണം പൂർത്തിയാക്കാത്തതായി 126 ഗുണഭോക്താക്കളുണ്ട്. ഇതിൽ ലൈഫ് മിഷൻ ഫേസ് II ൽ ഭവനനിർമ്മാണം പൂർത്തിയാക്കാത്ത 16 പേരുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര് മേൽവിലാസം | പണി പൂർത്തീകരിച്ച സ്റ്റേജ് | നൽകിയ ആകെ തുക |
|---|---|---|---|
| 1 | ലൈജിമോൾ, വട്ടക്കര, വാർഡ് 8 | ഫൗണ്ടേഷൻ | 40,000 |
| 2 | നീരജ, തെക്കേവെളി, വാർഡ് 11 | ലിന്റൽ | 2,00,000 |
| 3 | ബിന്ദു, മട്ടമ്മേവെളി, വാർഡ് 8 | മേൽക്കൂര | 3,60,000 |
| 4 | മിനിമോൾ, കൊല്ലംപറമ്പിൽ | ലിന്റൽ | 3,00,000 |
| 5 | നിധിമോൾ പൗച്ചിയിൽ, വാർഡ് 12 | മേൽക്കൂര | 3,60,000 |
| 6 | മാലിനി മോഹനൻ, പുത്തൻവീട് | മേൽക്കൂര | 3,60,000 |
| 7 | ഉഷ സോമൻ തോട്ടുങ്കൽച്ചിറ, കുറുപ്പംകുളങ്ങര, വാർഡ് | മേൽക്കൂര | 3,60,000 |
| 8 | ജയദേവി, പൂജക്കിയിൽ വാർഡ് 13 | മേൽക്കൂര | 3,60,000 |
| 9 | ലത സുരേഷ്, നികർത്തിൽ | മേൽക്കൂര | 3,60,000 |
| 10 | സേവ്യർ ദേവായി, ഉമ്പോളിശ്ശേരിൽ, വാർഡ് 8 | മേൽക്കൂര | 3,00,000 |
| 11 | ധന്യ ജോസഫ് എണ്ണതയ്യിൽ വാർഡ് 6 | മേൽക്കൂര | 3,60,000 |
| 12 | അജിത മോൾ, വലിയവീട്ടിൽ, വാർഡ് 1 | മേൽക്കൂര | 3,60,000 |
| 13 | ഉഷാകുമാരി, തയ്യിൽ വീട്, വാർഡ് 6 | മേൽക്കൂര | 3,00,000 |
| 14 | മേരി, പള്ളിപറമ്പിൽ, വാർഡ് 22 | മേൽക്കൂര | 3,00,000 |
| 15 | രജിമോൾ റാവു, പ്ലാക്കുഴിയിൽ, ചേർത്തല | അടിത്തറ | 40,000 |
| 16 | സ്മിതാമോൾ, ഉണ്ടത്തിൽ, ചേർത്തല | അടിത്തറ | 40,000 |

മേൽ പട്ടികയിൽ ഭവനനിർമ്മാണം പൂർത്തിയാക്കാത്ത രജിമോൾ റാവു പ്ലാക്കുഴിയിൽ ചേർത്തല എന്നയാളുടെ പേരിൽ നിലവും പുരയിടവുമായി 67 സെന്റ് സ്ഥലം ഉള്ളത് മറച്ച് വെച്ച് 40,000/-രൂപ വീതം കൈപ്പറ്റുകയും നിർവ്വഹണോദ്യോഗസ്ഥൻ ഇത് കണ്ടെത്തുകയും ബാക്കി ഗഡുക്കൾ നൽകുന്നത് തടസ്സപ്പെടുത്തുകയും ചെയ്തു. തുക തിരിച്ചടച്ചില്ലെങ്കിൽ റവന്യൂ റിക്കവറി നടപടികൾ വഴി തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ ഈ വിഷയം അവതരിപ്പിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പണി പൂർത്തിയാക്കാനുള്ള സ്മിതാമോൾ ഉണ്ടത്തിൽ ചേർത്തല തെക്ക് എന്നവർ 2018 ജൂലൈ മാസം 27-ാം തീയതി എഗ്രിമെന്റ് വെയ്ക്കുകയും 40,000/-രൂപ കൈപ്പറ്റുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇതു വരെയും പണി പൂർത്തീകരിച്ചിട്ടില്ല, വഴി സൗകര്യമില്ലാത്തതിനാലാണ് ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തതെന്ന് വാക്കാൽ അറിയിച്ചിട്ടുള്ളതെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യാത്ത പക്ഷം ടിയാളിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ വഴി തുക പലിശസഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

2) സ്ഥലം വാങ്ങൽ പദ്ധതിയിൽ 2021 -22 സാമ്പത്തിക വർഷം 6 പേർക്ക് സ്ഥലം വാങ്ങി നൽകി. വീടുപണി പൂർത്തീകരിക്കാത്തവരുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് മേൽവിലാസം | ജനറൽ/എസ് സി | സ്ഥലം വാങ്ങിയതിന് നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രകാശൻ പുത്തൻപറമ്പ് | ജനറൽ | 2,00,000 | മേൽക്കൂര വരെ പൂർത്തീകരിച്ച |
| 2 | സതി വനസ്വർഗ്ഗത്ത് വീട് | ജനറൽ | 2,00,000 | വീട് പണി പൂർത്തീകരിച്ച |
| 3 | അനന്യ പൊള്ളയിൽ | ജനറൽ | 2,00,000 | മേൽക്കൂര വരെ പൂർത്തീകരിച്ച |

| | | | | |
|---|---|---|---|---|
| 4 | ത്രേസ്യാമ്മ കൊച്ചീക്കാരൻ വീട് | ജനറൽ | 2,00,000 | മേൽക്കൂര വരെ പൂർത്തീകരിച്ചു |
| 5 | മാർട്ടിൻ ജോസഫ് കടിയാംശ്ശേരി | ജനറൽ | 2,00,000 | മേൽക്കൂര വരെ പൂർത്തീകരിച്ചു |
| 6 | പ്രസാദ് പതിനെട്ടിൽചിറ | ജനറൽ | 2,00,000 | മേൽക്കൂര വരെ പൂർത്തീകരിച്ചു |

ഭവനപദ്ധതി തുടങ്ങാത്ത ഗുണഭോക്താക്കൾക്ക് നേരിട്ടും നോട്ടീസ് മുഖേനയും ഭവനനിർമ്മാണം തുടങ്ങേണ്ടതാണെന്നും, അല്ലാത്തപക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്നും അറിയിക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും, കൂടാതെ പ്രസിഡന്റിന്റെയും മെമ്പർമാരുടെയും സാന്നിധ്യത്തിൽ ഗുണഭോക്താക്കളെ വിളിച്ചുകൂട്ടി അവരുടെ പ്രശ്നങ്ങൾ അറിയിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സന്നദ്ധസംഘടനകളുടെയും വാർഡ് സമിതികളുടെയും സഹകരണത്തോട് കൂടി ആവശ്യമായ സഹായങ്ങൾ നൽകി ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഗൃഹനിർമ്മാണം തുടങ്ങാത്ത ഗുണഭോക്താക്കൾ ഭവനനിർമ്മാണം തുടങ്ങാത്തപക്ഷം ഇവർക്ക് നൽകിയ തുക പലിശസഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 നെൽ വിത്ത് വിതരണം-അപാകതകൾ സംബന്ധിച്ച്

പ്രോജക്ടിന്റെ പേര് - നെൽകൃഷി വികസനം (എസ് ഒ 69/22)

അടങ്കൽ തുക- 2,09,160/-(വികസനഫണ്ട്)+2,55,225(ബ്ലോക്ക് പഞ്ചായത്ത്) 5,10,750/-

ചെലവ് -2,09,160/ -

ട്രഷറി ബിൽ നം.209160/- 1/26-02-22

ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളിലെ നെൽ കൃഷിക്കാർക്ക് ആവശ്യമായ നെൽ വിത്ത് വാങ്ങി വിതരണം ചെയ്യുവാനായാണ് മേൽ പദ്ധതി നടപ്പാക്കിയത്. കൃഷി ഓഫീസർ നടപ്പാക്കിയ ടി പദ്ധതി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളിലേയ്ക്ക് വിതരണം ചെയ്യാനായാണ് കിലോയ്ക്ക് 42 രൂപയ്ക്ക് 4,980/- കിലോ വിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നിന്നും വിത്ത് വാങ്ങി നൽകിയത്. വിശദവിവരങ്ങൾ ചുവടെ

നെൽവിത്ത് വാങ്ങിയതിന്റെ വില (പദ്ധതി വിഹിതം) ടി സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രഷറിയിൽ നിന്നും ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ നെൽവിത്ത് പാടശേഖര സമിതികൾ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ഓരോ പാടശേഖരങ്ങൾക്കും എത്ര കിലോ വിത്ത് വീതം നൽകിയിട്ടുണ്ടെന്നത് വ്യക്തമല്ല പാടശേഖര സമിതികളിൽ നിന്നും കർഷകർ വിത്തുകൾ കൈപ്പറ്റിയതിന്റ വിവരങ്ങൾ ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല. ഹാജരാക്കിയ രസീതുകളിൽ പാടശേഖരസമിതിയുടെ സീൽ ഇല്ലാതെ പൊതുവായ ഒരു കൈപ്പറ്റ് രസീതാണ് ഹാജരാക്കിയിരിയ്ക്കുന്നത്, പാടശേഖരസമിതിയുടെ സീൽ പതിച്ച ലെറ്റർപാഡിൽ അല്ല.

ടി പാടശേഖരങ്ങളിൽ നിന്നുള്ള വിത്തിനുള്ള അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല അപേക്ഷകളില്ലാതെ വിത്തിന്റെ ആവശ്യകത എങ്ങനെ നിർണ്ണയിച്ചു എന്നതും വ്യക്തമല്ല. മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 19/21-12-22ന് ലഭ്യമാക്കിയ മറുപടിയിൽ കൂലിച്ചെലവ് സബ്സിഡി എന്ന പദ്ധതിയ്ക്ക് വേണ്ടി കർഷകരിൽ നിന്നും കരമടച്ച രസീതുകൾ നേരത്തേ വാങ്ങിയിട്ടുണ്ടെന്നും, കൂടാതെ ഫീൽഡ് അസിസ്റ്റന്റ്മാർ ഫീൽഡ് പരിശോധിയ്ക്കുകയും തുടർനടപടികളുടെ ഭാഗമായി നെൽകർഷകരിൽ നിന്നും അപേക്ഷ, കരം അടച്ച രസീത് എന്നിവ നെൽവിത്ത് വിതരണത്തിന്റെ ഭാഗമായി സ്വീകരിയ്ക്കുന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്. വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ ടി പദ്ധതിക്ക് വേണ്ടി ചെലവായ 2,09,160/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സബ്സിഡി മാർഗ്ഗരേഖ പാലിച്ച് ഭാവിയിൽ പ്രോജക്റ്റ് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതും വിത്ത് വിതരണത്തിൽ സുതാര്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഭരണഘടനയുടെ ആർട്ടിക്കിൾ 243G പ്രകാരം ഒഴിവാക്കപ്പെട്ടയിനത്തിനും ജി.എസ്.ടി നൽകി

കരിപ്പയിൽ ചാലിന്റെ അനുബന്ധ ശാഖകൾ വൃത്തിയാക്കൽ
പ്രോജക്ട് നമ്പർ -124/22

അടങ്കൽ-5,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

കരാറുകാരൻ- വിഷ്ണുദാസ്

ബിൽ റഫറൻസ് നമ്പർ XVFC/P21, 22/21-22/31.3.22

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ കരിപ്പയിൽ ചാലിന്റെ അനുബന്ധ ശാഖകൾ വൃത്തിയാക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചാലിന്റെ ശാഖകൾ വൃത്തിയാക്കുന്നതിന് എർത്ത് വർക്ക് എസ്കവേഷൻ മാത്രം ആകെ മൂല്യത്തിന്റെ 96%ചെയ്തിട്ടുണ്ട്. ആകെ മൂല്യം 4,18,280.95/- രൂപയാണ്. ഇതിൽ എർത്ത് വർക്ക് എസ്കവേഷന് (8195.65m3 @49/m3)
4,01,586/-രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം എർത്ത് വർക്ക് മാത്രം 75%ൽ അധികമാണെങ്കിൽ ജി.എസ്.ടി 5% മാത്രമാണ് ബാധകമാകുന്നത്. എന്നാൽ വാട്ടർ മാനേജ്മെന്റ് ആന്റ് വാട്ടർ ഷെഡ് ഡെവലപ്മെന്റ് എന്നത് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243Gൽ പെട്ടതായതിനാൽ ജി.എസ്.ടി ഒഴിവാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ പ്രവൃത്തിക്ക് 12% ജി.എസ്.ടി (50193/-) അനുവദിച്ചിട്ടുള്ളതായി കാണുന്നു. പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/21.12.23) മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടിയിൽ നിന്നും ഒഴിവാക്കപ്പെട്ടയിനത്തിന് ജി.എസ്.ടി നൽകുകവഴി അധികം ചെലവഴിച്ച 50,193/- രൂപ നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 6,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 6,00,000 | 0 |
| | 2021-22 | 2,00,000 | പാലിയേറ്റീവ് കെയർ പദ്ധതി | 2,00,000 | 0 |
| | 2021-22 | 6,60,000 | ലൈഫ് ഭവന നിർമാണം (ജനറൽ) | 6,60,000 | 0 |
| | 2021-22 | 2,55,221 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 2,55,221 | 0 |
| | 2021-22 | 4,00,000 | അഗതി രഹിത കേരളം | 4,00,000 | 0 |
| | 2021-22 | 4,04,017 | ഡി.സി.സി-സി.എഫ്.എൽ.റ്റി.സി.യിലേക്കുള്ള സാധനങ്ങൾ വാങ്ങൽ | 4,04,017 | 0 |
| | ആകെ | 25,19,238 | | 25,19,238 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,00,000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 1,00,000 | |
| | 2021-22 | 3,99,070 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 3,99,070 | |
| | 2021-22 | 48,90,000 | ലൈഫ് ഭവന നിർമാണം (ജനറൽ) | 48,90,000 | |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 6,00,000 | ലൈഫ് മിഷൻ ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ (ജനറൽ) | 6,00,000 | |
| | 2020-21 | 40,00,000 | ലൈഫ് ഭവന നിർമാണം (എസ്.സി) | 40,00,000 | |
| | 2021-22 | 5,40,000 | ലൈഫ് ഭവന നിർമാണം (എസ്.സി) | 5,40,000 | |
| | 2020-21 | 2,91,294 | 68-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം | 2,84,573 | 6721 |
| | | ആകെ | | 1,08,13,643 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | | 17,80,000 | 5,88,29,334 | 50,89,334 | | 5,55,20,000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത | 7 ജീവനക്കാരിൽ നിന്നും തുക ഈടാക്കി. വിരമിച്ച 2 ജീവനക്കാരുടെ തുക സ്ഥാപന ഉടമയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിച്ചു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 14,19,40,042 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13,60,61,016 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50,193 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,49,363 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 50,193 | ശ്രീമതി ദീപ്തി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 50,193 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 2,04,333 | ഡോ.നസിയ കെ.സലിം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-15 | 74,995 | ശ്രീമതി ഷീല എസ്., ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ് കുറുപ്പംകുളങ്ങര |
| 1-16 | 92,450 | ശ്രീ.ഷാജി എസ്., സെക്രട്ടറി |
| 1-17 | 1,33,900 | ശ്രീ.ഷാജി എസ്., സെക്രട്ടറി |
| 1-18 | 1,29,280 | ശ്രീ.ഷാജി എസ്., സെക്രട്ടറി |
| 1-27 | 9,27,000 | ഡോ.സ്മിത അഗസ്റ്റിൻ, വെറ്റിനറി സർജൻ |
| 1-28 | 8,72,745 | ശ്രീമതി ഷീന എസ്., ഫിഷറീസ് ഓഫീസർ |
| 1-29 | 5,500 | ശ്രീ.ഷാജി എസ്., സെക്രട്ടറി |
| 1-31 | 2,09,160 | ശ്രീമതി കറോസ്മി ജോർജ്ജ്, കൃഷി ഓഫീസർ |
| ആകെ | 26,49,363 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-22 | 1,200 |
| 1-23 | 31,698 |
| 1-24 | 3,569 |
| 1-25 | 30,391 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.നസിയ കെ.സലിം, മെഡിക്കൽ ഓഫീസർ | ഡോ.നസിയ കെ. സലിം മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ചേർത്തല തെക്ക് | കോലേരി, മേപ്പായൂർ, കോഴിക്കോട് 673524 |
| ശ്രീമതി ഷീന എസ്., ഫിഷറീസ് ഓഫീസർ, ചേർത്തല | മത്സ്യഭവൻ, അർത്തുങ്കൽ | തോട്ടത്തിൽമേക്ക്, കതിരപ്പന്തി പി.ഒ., പഴവാ, കൊല്ലം-690523 |

| | | |
|---|---|---|
| ഡോ.സ്മിത അഗസ്റ്റിൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പൻസറി, അർത്തുങ്കൽ | തോപ്പിൽ പറമ്പിൽ, അരൂർ പി.ഒ., ആലപ്പുഴ |
| ശ്രീമതി ഷീല എസ്., ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ് കുറുപ്പംകുളങ്ങര | ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ് കുറുപ്പംകുളങ്ങര | വാവക്കാട്ട് വെളി, മുഹമ്മ പി.ഒ., ആലപ്പുഴ |
| ശ്രീ.ഷാജി എസ്., സെക്രട്ടറി | സെക്രട്ടറി, ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത് | സുഭാഷ് ഭവനം, മരുത്തോർവട്ടം പി.ഒ., ആലപ്പുഴ |
| ശ്രീമതി കറോസ്സി ജോർജ്ജ് | കൃഷി ഓഫീസർ, ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത് | പാലത്തുവെളിയിൽ, മുഹമ്മ പി.ഒ., ചേർത്തല |
| ശ്രീമതി ദീപ്തി | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി.ചേർത്തല തെക്ക് | വേലാമ്മ ചിറയിൽ, കണിച്ചുകുളങ്ങര പി.ഒ., ചേർത്തല, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 & 2003-04 | എൽ.എഫ്.ജി.എ5-1832/11/20.1.12 |
| 2004-05 & 2005-06 | എൽ.എഫ്.ജി.എ5-161/13/9.9.13 |
| 2006-07 | കെ.എസ്.എ-എ.എൽ.പി/പി13-1612/18 തീയതി 12.02.2019 |
| 2007-08 | എൽ.എഫ്.എ.പി5-1293/10/19.3.13 |
| 2008-09 & 2009-10 | എൽ.എഫ്.എ.പി5-1661/13/12.3.14 |
| 2010-11 & 2011-12 | എൽ.എഫ്.എ.പി5-986/14/11.9.14 |
| 2012-13 | കെ.എസ്.എ-എ.എൽ.പി/പി5-176/15 തീയതി 23.09.2015 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/പി5-411/2016 തീയതി 29.04.2016 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി13-773/16 തീയതി 28.03.2017 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി13-1309/16 തീയതി 25.09.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി.13/653/17 തീയതി 16.02.2018 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി.13/38/2019 തീയതി 19.06.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി.12/264/2020 തീയതി 12.03.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.12/742/2022/16.07.2022 |

| | |
|---|---|
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.12/223/2022/27.03.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്